**കേരള സർക്കാർ**

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ആഗസ്റ്റ് 21**

**കാസർകോട്** **ചൊവ്വ**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## കാസർകോട് നിന്നും നാലു ലോഡ് സാധനങ്ങൾ

## പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലേക്ക്

പ്രളയക്കെടുതി അനുഭവിക്കുന്ന പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലേക്ക് കാസർകോട് ജില്ലയിൽ നിന്ന് ഇന്നലെ(ആഗസ്റ്റ് 21) നാലു ലോഡ് അവശ്യസാധനങ്ങൾ കയറ്റിഅയച്ചു. അരി, വെള്ളം, ബ്ലീച്ചിങ് പൗഡർ, ഉള്ളി/സവാള, ഉരുളക്കിഴങ്ങ്, പയറു വർഗ്ഗങ്ങൾ/പലവ്യഞ്ജനങ്ങൾ, ആട്ട/മൈദ, ബക്കറ്റ്, പഴകിയ തുണി (ക്ലീനിങ്ങിനായി), സോപ്പ്, ക്ലീനിംഗ് മോപ്പ്, ടൂത്ത് പേസ്റ്റ്, പായ/കിടക്ക, ടൂത്ത് പേസ്റ്റ്, പായ/കിടക്ക, എണ്ണ,പാൽപ്പൊടി, ടോർച്ച്, കുട, മെഴുകുതിരി, കൊതുകുതിരി, ബ്രഷ്, ഡെറ്റോൾ, ഗ്ലൂക്കോസ്, ഫിനോയിൽ, അച്ചാർ, അവൽ,ശർക്കര, തേങ്ങ, ചൂൽ, മഗ്ഗ്, ടോയിലറ്റ് ക്ലീനർ എന്നിങ്ങനെ 30 ഇനങ്ങളാണ് കയറ്റിഅയച്ചത്.

പടക്കാട് കാർഷിക കോളേജിലെ സംഭരണ കേന്ദ്രത്തിൽ ശേഖരിച്ച രണ്ടു ലോഡുകൾ ആലപ്പുഴയിലേക്കും കാസർകോട് ഗ.കോളേജിലെ സംഭരണ കേന്ദ്രത്തിൽ ശേഖരിച്ച രണ്ടു ലോഡുകൾ പത്തനംതിട്ടയിലേക്കുമാണ് കയറ്റി അയച്ചത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്

## പണമായും സ്വീകരിക്കും: ജില്ലാ കളക്ടർ

### '24 മണിക്കൂറും പണം സ്വീകരിക്കും'

പ്രളയക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ചെക്കായി നൽകാൻ കഴിയാത്തവർ പണമായി നൽകിയാലും സ്വീകരിക്കുമെന്ന് കാസർകോട് ജില്ലാ കളക്ടർ അറിയിച്ചു. സ്വീകരിക്കുന്ന പണത്തിന്റെ രശീതി നൽകുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. എത്ര കുറഞ്ഞ തുകയായാലും 24 മണിക്കൂറും പണം സ്വീകരിക്കാൻ തയ്യാറാണ്.

പതിനായിരക്കണക്കിന് കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്ത് സംഭവിച്ചിരിക്കുന്നത്. അവരെ പുനരധിവസിപ്പിക്കുന്നതിനും പുനർനിർമ്മാണത്തിനുമായി ഭീമമായ പണം ആവശ്യമാണ്. അതിനായി എല്ലാവരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകണം. പ്രളയക്കെടുതി കാര്യമായ ബാധിക്കാത്ത ജില്ലയെന്ന നിലയിൽ കാസർകോടിന് കൂടുതൽ കാര്യങ്ങൾ നമ്മുടെ സഹോദരങ്ങൾക്ക് വേണ്ടി ചെയ്യാൻ കഴിയും. പ്രളയക്കെടുതിയിലായവർക്ക് എത്തിക്കുന്നതിനുള്ള വിഭവസമാഹരണം ജില്ലയിലെ മൂന്നു കേന്ദ്രങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ (ആഗസ്റ്റ് 21) ഉച്ചകഴിഞ്ഞ് ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെ നാലു ലോഡ് അവശ്യവസ്തുക്കൾ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലേക്ക് അയച്ചു.

(തുടരും)

രാവിലെ കളക്ടറേറ്റിൽ ചേർന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിനുശേഷം ഇവരെയും കൂട്ടി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലയിലെ മൂന്നുവിഭവകേന്ദ്രങ്ങളിൽ സന്ദർശനടത്തി. കാസർ കോട് ഗവ: കോളേജ്,പടന്നക്കാട് കാർഷിക കോളേജ്, തൃക്കരിപ്പൂർ ഗവ:പോളി ടെക്നിക്ക് കോളേജ് എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ചത്.

പി.കരുണാകരൻ എംപി, നീലേശ്വരം, നഗരസഭ ചെയർമാൻ പ്രൊഫ.കെ.പി ജയരാജൻ എന്നി വരും വിവിധ ജനപ്രതിനിധികളും സന്നിഹിതരായിരുന്നു. പടന്നക്കാട് കാർഷിക കോളജിൽ അസോ.ഡീൻ പി.ആർ സുരേഷ്, ഫാം സുപ്രണ്ട് പി.വി സുരേന്ദ്രൻ, എൻഎസ്എസ് കോ ഓർഡിനേറ്റർ ഡോ:സംഗീത എന്നിവരും തൃക്കരിപ്പൂർ ഗവ.കോളജിൽ പ്രിൻസിപ്പാൾ എ.കെ പാർവതിയും വിദ്യാർഥികളും ഗവ.കോ ളജിൽ വൈസ് പ്രിൻസിപ്പാൾ സുഭാഷ്, എൻഎൻഎസ്, വിവിധ സംഘടന വാളണ്ടറിയർമാർ, സർക്കാർ ജീവനക്കാർ തുടങ്ങിയവർ സംഭരണ കേന്ദ്രത്തിൽ സജീവമാണ്. ഡെപ്യൂട്ടി തഹസിൽദാർമാരായ വി. ശ്രീ കുമാറിന്റെ നേതൃത്വത്തിൽ കാസർകോട് ഗവ.കോളജിലും എം.പവിത്രന്റെ നേതൃത്വത്തിൽ പടന്നക്കാടും ഇ.വി വിനോദിന്റെ നേതൃത്വത്തിൽ തൃക്കരിപ്പൂർ ഗവ. പോളി ടെക്നിക്കിലെ സംഭരണ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

**ഫോട്ടോ അടിക്കുറിപ്പ്: വിസിറ്റിംഗ് കളക്ടർ:-** പഞ്ചായത്ത് പ്രസിഡന്റുമാരുടെ സംഘങ്ങളുമായി ജില്ലാ കളക്ടർ വിഭവസമാഹരണകേന്ദ്രമായ കാസർകോട് ഗവ.കോളജിൽ സന്ദർശിച്ചപ്പോൾ.

**എംപി വിസിറ്റിംഗ്:-** പടന്നക്കാട് കാർഷിക കോളജിലെ സംഭരണകേന്ദ്രത്തിൽ പി.കരുണാകരൻ എം പിയുടെ നേതൃത്വത്തിൽ സന്ദർശിച്ചപ്പോൾ.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്

## കളക്ടർക്ക് മാത്രം ഇതുവരെലഭിച്ചത് ഒരു കോടി രൂപ

പ്രളയക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരി താശ്വാസനിധിയിലേക്ക് കാസർകോട് ജില്ല കളക്ടർക്ക് മാത്രമായി ഇതുവരെ സംഭാവനയായി ലഭിച്ചത് 1,11,99,914 രൂപയാണ് ലഭിച്ചത്. ഇന്ന് (21) മാത്രം ചെക്കായി 45,36,820 രൂപയും പണമായി 3,47,003 രൂപയുമാ ണ് ലഭിച്ചത്. ഇന്നലെ(20) മൊത്തം ലഭിച്ചത് 63,16,091 രൂപയാണ്. കൂടാതെ മൂന്നുവിഭവ സമാഹരണ കേന്ദ്ര ങ്ങളിലായി പുതിയവസ്ത്രങ്ങളും മെഴുകുതിരി, നാപ്കിൻ, മരുന്നുകൾ, പാത്രങ്ങൾ, ഡ്രൈഫുഡ്, ഡ്രൈഫ്രൂട്ട് സ്, ശുചീകരണ വസ്തുക്കൾ എന്നിങ്ങനെയും ശേഖരിക്കുന്നുണ്ട്.

## പ്രളയക്കെടുതി: കാസർകോട് ജില്ലയിൽ ഇതുവരെ

## ശേഖരിച്ച വിഭവങ്ങൾ ഗൂഗിൾ മാപ്പ് വഴി അറിയാം

ജില്ലയിലെ വിഭവ സമാഹരണ കേന്ദ്രങ്ങളിൽ എന്തൊക്കെ ഇതുവരെ ലഭ്യമായിട്ടുണ്ടെന്നത് ഗൂഗിൾ മാപ്പ് വഴി അറിയുന്നതിനും സംവിധാനം കാസർകോട് ജില്ലാ ഭരണകൂടം ഒരുക്കിയിട്ടുണ്ട്. കാസർകോട് ഗവ: കോളേജ്,പടന്നക്കാട് കാർഷിക കോളേജ്, തൃക്കരിപ്പൂർ ഗവ:പോളി ടെക്നിക്ക് കോളേജ് എന്നിവിട ങ്ങളിലെ വിഭവ സമാഹരണ കേന്ദ്രങ്ങളിൽ ഇതുവരെ എന്തൊക്കെ സാധനങ്ങൾ ശേഖരിച്ചുവെന്ന് അറി യാം. മറ്റു ജില്ലകളിലെ കളക്ടർമാർക്ക് ഇവ പരിശോധിച്ച് അവരുടെ ജില്ലയ്ക്ക് എന്ത് വേണമെന്ന് ആവശ്യപ്പെടാം. ആവശ്യമനുസരിച്ച് ഹെലികോപ്ടർ, റോഡ്, റെയിൽ മാർഗം ഇവിടെ നിന്നും എത്തിച്ചു നൽകും. സംസ്ഥാനത്ത് ആദ്യമായി ഈ സൗകര്യം പ്രയോജനപ്പെടുത്തുന്ന ജില്ലയാണ് കാസർകോട്. താഴെ കാണുന്ന ലിങ്കിലൂടെ വിഭവ കേന്ദ്രങ്ങളിൽ നിലവിലുള്ള സാധനങ്ങളെക്കുറിച്ചറിയാം. https://kasargod.gov.in/availability-of-flood-relief-materials/

കളക്ഷൻ സെന്ററുകളുടെ ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ-ഗവ.കോളേജ് കാസർകോട്,വി.ശ്രീകു മാർ ഡെപ്യൂട്ടി തഹസിൽദാർ-9446075557, പടക്കാട് കാർഷിക കോളേജ്,എ.പവിത്രൻ-ഡെപ്യൂട്ടി തഹ സിൽദാർ-9497604200, ഗവ.പോളി ടെക്നിക്ക് തൃക്കരിപ്പൂർ, ഇ.വി.വിനോദ്-ഡെപ്യൂട്ടി തഹസിൽദാർ-8547605905

(തുടരും)

## ജില്ലാ സപ്ലൈ ഓഫീസ് മാറ്റി സ്ഥാപിച്ചു

കാസർകോട് കളക്ടറേറ്റ് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ജില്ലാ സപ്ലൈ ഓഫീസ് നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് താത്ക്കാലികമായി നായന്മാർമൂലയിലെ ബി.കെ.എം ടവറിലേക്ക് മാറ്റി സ്ഥാപിച്ചതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## മീറ്റർ ടെസ്റ്റിങ്ങ് ലാബ് കാസർകോട്

## എൻഎബിഎൽ അംഗീകാരം

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് കീഴിലുള്ള കാസർകോട് മീറ്റർ ടെസ്റ്റിങ്ങ് ആൻഡ് സ്റ്റാൻഡേഴ്സ് ലബോറട്ടറിക്ക് ഭാരത സർക്കാറിന്റെ സയൻസ് ആൻഡ് ടെക്നോളജി വകുപ്പിന്റെ കിഴിലുള്ള എൻഎബി എൽ അംഗീകാരം ലഭിച്ചു. വൈദ്യുത ഉപഭോഗം കണക്കാക്കുന്ന എനർജി മിറ്റർ കാലിബ്രേഷൻ വിഭാഗ ത്തിനാണ് അംഗീകാരം. ഇതിലൂടെ വീടുകളിലൂം മറ്റ് പ്രതിഷ്ഠാപനങ്ങളിലും സ്ഥാപിക്കുന്ന എനർജി മീറ്റർ ഉപഭോക്താക്കൾക്ക് കൂടുതൽ വിശ്വസ്തയോടെയും തൃപ്തിയോടെയും കാലിബ്രേറ്റ് ചെയ്യാനാകു മെന്നതാണ് പ്രധാന ഗുണം.

## കുടിവെളള വിതരണം മുടങ്ങും

കേരള വാട്ടർ അതോറിറ്റിയുടെ കാസർകോട് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ ചന്ദ്രഗിരി പുഴയിൽ ചെളി കലർന്നു ജലത്തിന്റെ കലക്കൽ കുടിയതിനാൽ ബാവിക്കര കിണറിൽ നിന്നുള്ള പമ്പിംഗ് താൽക്കാലികമായി നിർത്തി വച്ചതിനാൽ കുടിവെള്ള വിതരണം മുടങ്ങുമെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## അന്നപൂർണ്ണ കാർഡുടമകൾ താലൂക്ക് ഓഫീസിൽ ഹാജരാകണം

ഹൊസ്ദുർഗ്, കാസർകോട്, മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിലെ അന്നപൂർണ്ണ കാർഡുടമകൾ, നിലവിലുള്ള അന്നപൂർണ്ണ കാർഡ് പുതുക്കുന്നതിനായി ആഗസ്റ്റ് മാസത്തിൽ എടുത്ത പാസ്പോർട്ട് സെസ് ഫോട്ടോ രണ്ട്കോപ്പി, ഒറിജിനൽ അന്നപൂർണ്ണകാർഡ് എന്നിവ സഹിതം അവരവരുടെ കാർഡുൾപ്പെടുന്ന താലൂക്ക് സപ്ലൈ ഓഫീസിൽ നേരിട്ട് ഹാജരാകണം. നേരിട്ട് ഹാജരാകുവാൻ ബുദ്ധി മുട്ടുള്ളവർക്ക് കാർഡുടമയുടെ ലൈഫ് സർട്ടിഫിക്കറ്റ് സഹിതം പ്രതിനിധിയെ അയക്കാവുതാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## വെള്ളരിക്കുണ്ട് താലൂക്ക് വികസന സമിതി യോഗം

വെള്ളരിക്കുണ്ട് താലൂക്ക് വികസന സമിതിയുടെ യോഗം സെപ്തംബർ ഒന്നിന് ഉച്ചയ്ക്ക് രണ്ടിന് താലൂക്ക് ഓഫീസ് കോഫറൻസ് ഹാളിൽ ചേരും.

## ക്ഷോണിപ്രിയ അവാർഡ് പ്രഖ്യാപിച്ചു

സംസ്ഥാന സർക്കാറിന്റ ഈ വർഷത്തെ മികച്ച ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കുളള ക്ഷോണി പ്രിയ അവാർഡിന് ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ വി.എം.അശോക് കുമാർ അറിയിച്ചു.

**ഫോട്ടോ: വി.എം.അശോക് കുമാർ**

## കൂടിക്കാഴ്ച 14ന്

കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വിവിധ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി സെപ്തംബർ 14ന് കൂടിക്കാഴ്ച നടത്തും. വിശദവിവരങ്ങൾക്കായി www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0467 2260632,2260450 നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക

(തുടരും)

## മരം ലേലം

കാസർകോട് താലൂക്കിലെ അഡൂർ ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ സ്ഥലത്ത് സ്കൂൾ കെട്ടിടങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന മൂന്നു മരങ്ങൾ സെപ്തംബർ അഞ്ചിന് ഉച്ചയ്ക്ക് രണ്ടിന് സ്കൂൾ ഓഫീസിൽ ലേലം നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോ.04994-270982.

## (അവസാനിച്ചു)